യാവദ് ഭ്രിയേത ജഠരം താവത്സ്വത്വം ഹി ദേഹിനാം
അധികം യോ*ത്f* ഭിമന്യേത സ സ്തേനോ ദണ്ഡമർഹതി (7–14–8)
മൃഗോഷ്ട്രഖരമർക്കാഖുസരീസൃപ്ഖഗമക്ഷികാ:
ആത്മന: പുത്രവത് പശ്യേത്തൈരേഷാമന്തരം കിയത് (7–14–9)

*ഗൃഹസ്ഥാശ്രമിയുടെ ധർമ്മങ്ങൾ എന്തൊക്കെയാണെന്ന യുധിഷ്ഠിരന്റെ ചോദ്യത്തിനു മറുപടിയായി നാരദമുനി പറഞ്ഞു:*
ഗൃഹസ്ഥൻ എല്ലാ ധർമ്മങ്ങളും ഭഗവാനുവേണ്ടി മാത്രം ചെയ്യണം. മഹൽപ്പുരുഷന്മാരുമായുള്ള സത്സംഗം വളർത്തുകയും മറ്റ് ബന്ധുക്കളുമായുള്ള മമത ക്രമേണ ഇല്ലാതാക്കുകയും വേണം. വ്യക്തിപരമായി അഭിലാഷങ്ങളില്ലാതെ, കുടുംബത്തിലെ മറ്റുള്ളവർക്കായി ചുമതലകൾ ഏൽപ്പിക്കുകയും ചെയ്യണം. ഭഗവൽകൃപയാൽ കിട്ടിയ സുഖസമ്പത്തുക്കളെ സംതൃപ്തിയോടെ അനുഭവിക്കാനും ഗൃഹസ്ഥനവകാശമുണ്ട്. ഒരുവന് സ്വന്തമായി സമ്പാദിക്കാനർഹതയുള്ളത്, അവനുവേണ്ട ഭക്ഷണം മാത്രമത്രേ. അതിൽ കൂടുതലായി വാരിക്കൂട്ടുന്നവൻ കള്ളനും ശിക്ഷാർഹനുമത്രേ. ഗൃഹസ്ഥൻ, തന്റെ ചുറ്റുമുള്ള പക്ഷിമൃഗാദികളേയും ഉരഗങ്ങളേയും തന്റെ മക്കളെപ്പോലെ കരുതി പരിപാലിക്കണം. വാസ്തവത്തിൽ കുട്ടികളും അവയും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

എന്നാൽ ധർമ്മപരിപാലനത്തിനായി അവൻ അത്യദ്ധ്വാനം ചെയ്യേണ്ടതുമില്ല. അതുപോലെതന്നെ സുഖത്തിനും, സമ്പത്തിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതും അനാവശ്യമാണ്. മൃഗങ്ങൾക്കടക്കം എല്ലാവർക്കുമായി തന്റെ സമ്പത്ത് പങ്കുവയ്ക്കണം. അങ്ങിനെ "എന്റെ" എന്ന ഭാവം ഇല്ലാതാക്കാം. സ്വന്തം ഭാര്യയോടു പോലും എന്റെ എന്നഭാവത്തിൽ പെരുമാറരുത്. കാരണം ഇതെല്ലാം നശ്വരമായ ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നുവല്ലോ.

ദിവസേന അഞ്ചു തരത്തിലുള്ള യാഗങ്ങൾ -മൃഗങ്ങൾക്ക്, മനുഷ്യർക്ക്, പിതൃക്കൾക്ക്, മാമുനിമാർക്ക്, ഭഗവാന്- ഒരു ഗൃഹസ്ഥൻ അനുഷ്ടിക്കണം. ഒരു മഹാ ബ്രാഹ്മണന് ഭിക്ഷയും ഭക്ഷണവും നൽകുന്നതു കൊണ്ടും ഭഗവാൻ അതീവസന്തുഷ്ടനാവുന്നു. നിയുക്തസമയങ്ങളിൽ പിതൃക്കൾക്കുവേണ്ട ക്രിയകൾ ചെയ്യണം. സത്യദൃക്കുകൾ പൂജ, ജപം, ധയാനം, യാഗാദികൾ ദാനം എന്നിവയ്ക്കായി ഇത്തരം സമയങ്ങൾ പറഞ്ഞു വച്ചിട്ടുണ്ടല്ലോ.

ദിവ്യവും പരിപാവനങ്ങളുമായ തീർത്ഥാടനകേന്ദ്രങ്ങളിൽ ഗൃഹസ്ഥൻ ദർശനം നടത്തണം. ചുരുക്കത്തിൽ ദിവ്യപുരുഷന്മാർ വാഴുന്നിടം, അല്ലെങ്കിൽ ഏതെങ്കിലും ദിവ്യന്മാർ ഉണ്ടായിരുന്നയിടം, ഭഗവൽമൂർത്തിയെ ആരാധിക്കുന്നയിടം, പുണ്യനദികൾ ഒഴുകുന്നയിടം ഇവയെല്ലാം പവിത്രങ്ങളത്രേ. പുണ്യസ്ഥലങ്ങളിൽ നടത്തുന്ന ആത്മീയാനുഷ്ടാനങ്ങൾ ആയിരം മടങ്ങ് ഫലപ്രദവുമാണ്.

മാമുനിമാരും ഋഷികളും ഐകകണ്ഠമായി ഉദ്ഘോഷിച്ചിട്ടുള്ളത്, പൂജാർഹനായി ഭഗവാൻ ഹരി മാത്രമേയുള്ളൂ എന്നാണ്. രാജസൂയയാഗത്തിന് ഏറ്റവും ഉയർന്ന പദവിയിലിരിക്കാൻ ഭഗവാൻ കൃഷ്ണനെ ത്തന്നെ തിരഞ്ഞെടുത്തത് എത്ര ഉത്തമം. ഈ വിശ്വം മുഴുവനും, എല്ലാ ജീവജാലങ്ങളും ഭഗവാനിലധിഷ്ഠിതമത്രേ. അതുകൊണ്ട് ഭഗവാനെ പ്രീതിപ്പെടുത്തുന്നതു വഴി എല്ലാവരേയും സംപ്രീതരാക്കാം. ഉപമനുഷ്യരിൽപോലും ദിവ്യതയുണ്ട് എന്നാൽ മനുഷ്യർക്ക് ആത്മസാക്ഷാത്കാരം സാദ്ധ്യമായതു കൊണ്ട് അവനെ ഭഗവാന്റെ ഉത്തമസ്ഥാനമായി കണക്കാക്കി പൂജിക്കാവുന്നതാണ്. എങ്കിലും മനുഷ്യരിൽ സ്നേഹം വെറുപ്പ് തുടങ്ങിയ വികാരങ്ങളുള്ളതിനാൽ ഭഗവൽമൂർത്തീപൂജയാണ് വിധിച്ചിട്ടുള്ളത്. എന്നാൽ ആരെയെങ്കിലും നിന്ദിക്കുകയോ അവജ്ഞാപൂർവ്വം വീക്ഷിക്കുകയോ ചെയ്താൽ പൂജാദികൾകൊണ്ട് യാതൊരു ഫലവും ഉണ്ടാകുന്നില്ല. ദിവ്യരും മഹാത്മാക്കളുമായവർ അവരുടെ സാന്നിദ്ധ്യം കൊണ്ടുതന്നെ ലോകം മുഴുവൻ പവിത്രമാക്കുന്നു. അതിനാൽ അവർ സർവ്വാരാധ്യരത്രെ.